(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്രപേർക്കാണ് മിച്ചഭൂമി വിതരണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ :

(സി) ഇതിന്റെ താലൂക്ക് അടിസ്ഥാനത്തിലുള്ള എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എത്ര ഭൂമിയാണ് ഇത്തരത്തിൽ വിതരണം ചെയ്തിട്ടുള്ളതെന്ന വിവരം വിശദമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ഭൂമി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-12-2010-ൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അതായത് എം.എൽ.എ-മാരുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ് അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) 4920 പേർക്ക് മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) കണ്ണൂർ - 930

തലശ്ശേരി - 325

തളിപ്പറമ്പ് - 3665

(ഡി) 577.92 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

മാനന്തവാടി താലൂക്കിലെ റോഡുകളുടെ പുനരുദ്ധാരണം

137(831) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി മാനന്തവാടി താലൂക്കിൽ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ :

(ബി) ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണമാണ് നടത്തിയത് : എത്ര തുക വീതം ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രകൃതി ദുരന്തംമൂലം റോഡുകൾക്ക് പുനരുദ്ധാരണം അനിവാര്യമായി വരുന്ന ഘട്ടത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാറുണ്ട്. ഇത് പുനരുദ്ധാരണത്തിന്റെ അനിവാര്യതയുടെയും ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിലാണ് നൽകി വരുന്നത്. താലൂക്കടിസ്ഥാനത്തിലല്ല. ആയതിനാൽ താലൂക്കടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

(ബി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly